"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.നന്ദു.ജി.എച്ച്-ന്റെ തിരുവനന്തപുരം നഗരസഭാ മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി - നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2659/2025/LSGD തീയതി,തിരുവനന്തപുരം, 04-11-2025

---

പരാമർശം:-

1. സ.ഉ(സാധാ നം.2364/2024/LSGD തീയതി 04.12.2024
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.10.2025 ലെ LSGD/PD/30007/2025-DEA6 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭാ മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചവരുന്ന ശ്രീ.നന്ദു.ജി.എച്ച്-ന്റെ നിലവിലുള്ള അന്യത്ര സേവന കാലാവധി 19.11.2025ന് അവസാനിക്കുന്നതിനാൽ ടിയാന്റെ അന്യത്ര സേവന കാലാവധി 20.11.2025 മുതൽ ഒരു വർഷകാലയളവ് വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭാ മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചവരുന്ന ശ്രീ.നന്ദു.ജി.എച്ച്- ന്റെ അന്യത്രസേവന കാലാവധി നിലവിലുള്ള അന്യത്ര സേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 20.11.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ

ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്രസേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള,തൃശ്ശൂർ

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

ശ്രീ.നന്ദു.ജി.എച്ച്- പിഎ ടു മേയർ, തിരുവനന്തപുരം നഗരസഭ. (പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണവകുപ്പ് മുഖേന)

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 05-11-2025 12:31:16

സെക്ഷൻ ഓഫീസർ